പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

26.02.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.243

## മാവേലിക്കര ജില്ലാ ആശുപത്രി

| ചോദ്യം<br><br>ശ്രീ.ആർ. രാജേഷ് | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവാരത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനത്തിനുമുള്ള നടപടികൾ സ്വീകരിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ? | മാവേലിക്കര താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയത് 24.01.2011 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.43/11/ആ.കു.വ. പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ഡെന്റൽ മെക്കാനിക്-1, അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നേഴ്സ്-10, ഫാർമസിസ്റ്റ്-1, ഹെഡ് നേഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നിവ ഉൾപ്പടെ ആകെ16 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.<br><br>ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രിയെയും ഒരു താലൂക്കിൽ ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുറത്തിറങ്ങിയ ഉത്തരവ് സ.ഉ.(കൈ)നം.58/2017/ആ.കു.വ. പ്രകാരം മാവേലിക്കര താലൂക്ക് ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആർദ്രം മാനദണ്ഡപ്രകാരമുള്ള തസ്തികകൾ മാവേലിക്കര താലൂക്ക് ആശുപത്രിയിലും ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ